# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4037 | 26/06/2013 ൽ മറുപടിക്ക്

## പകർച്ചപ്പനി നിയന്ത്രിക്കാൻ ഹോമിയോ ചികിത്സാ വിഭാഗം സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പകർച്ചപ്പനി നിയന്ത്രിക്കാൻ ഹോമിയോ ചികിത്സാ വിഭാഗത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ച വരുന്നു ; വിശദമാക്കുമോ ; | (എ) | 1. എല്ലാ ജില്ലകളിലും ആവശ്യമുള്ള ഘട്ടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും, പനി ചികിത്സയ്ക്കും പ്രതിരോധത്തിനും വേണ്ട ഹോമിയോ മരുന്നുകൾ വിതരണം ചെയ്യുന്നതിനും, പനി ബാധിത മേഖലകളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും, ആവശ്യ ഘട്ടങ്ങളിൽ ആശുപത്രികളിലും, ഡിസ്പെൻസറികളിലും പ്രത്യേകം ക്ലിനിക്കുകൾ തുടങ്ങുന്നതിനും, പനി പ്രതിരോധിക്കുന്നതിനു വേണ്ടുന്ന മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് പത്ര മാദ്ധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കുവാനും ഹോമിയോ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. അതാത് ദിവസങ്ങളിൽ ജില്ലയിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകൾ, പനി ചികിത്സ നടത്തിയ രോഗികളുടെ എണ്ണം, പ്രതിരോധ മരുന്ന് സ്വീകരിച്ച ആളുകളുടെ എണ്ണം എന്നിവ ക്രോഡീകരിച്ച് ഡയറക്ടറേറ്റിലേക്ക് ഇ-മെയിൽ മുഖാന്തിരം എല്ലാ ദിവസവും അറിയിക്കുവാനും ഹോമിയോ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3. പ്രതിരോധ പ്രവർത്തനങ്ങളിലൂടെ പകർച്ചപ്പനി വ്യാപനം തടയുന്നതിനും, ചികിത്സയ്ക്കും വേണ്ട നടപടികൾ ഏകോപിപ്പിക്കുന്നതിന് ഹോമിയോ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>4. പ്രതിരോധ പ്രവർത്തനങ്ങൾക്കും, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനുമായി ജില്ലകൾക്ക് 1 ലക്ഷം രൂപാ വീതം (ആകെ 14 ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്. |
| (ബി) | പകർച്ചപ്പനി വ്യാപകമായതിനു ശേഷം 2013 ജനവരി മുതൽ ഹോമിയോ ചികിത്സയ്ക്കായി എത്ര രോഗികൾ എത്തി; അവരിൽ എത്ര പേർ മരണപ്പെട്ടുവെന്ന് വിശദമാക്കുമോ ; | (ബി) | ഹോമിയോ വകുപ്പിൽ പകർച്ചപ്പനി ചികിത്സയ്ക്കായി 31939 (മുപ്പത്തി ഒന്നായിരത്തി തൊള്ളായിരത്തി മുപ്പത്തി ഒൻപത്) പേർ എത്തിയിട്ടുണ്ട്. ആരും മരണപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത വിഭാഗത്തിൽ ചികിത്സ മെച്ചപ്പെടുത്താൻ എന്തെല്ലാം അധിക സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നു ; വിശദമാക്കുമോ ; | (സി) | ഓരോ ജില്ലയ്ക്കും സ്ഥിരമായി അനുവദിക്കുന്ന 1 ലക്ഷം വീതം<br>14 ലക്ഷം രൂപ നൽകി. |
| (ഡി) | എത്ര ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് ഹോമിയോ മേഖല നേരിടുന്നു ; ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഹോമിയോപ്പതി വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ താഴെ വിവരിക്കുന്നു.<br>ജില്ലാ മെഡിക്കൽ ഓഫീസർ - 4<br>ആശുപത്രി സൂപ്രണ്ട് - 3<br>ചീഫ് മെഡിക്കലാഫീസർ - 6<br>മെഡിക്കലാഫീസർ - 12<br>സീനിയർ സൂപ്രണ്ട് - 3<br>ക്ലാർക്ക് ടൈപ്പിസ്റ്റ് - 1<br>ക്ലാർക്ക് - 1<br>ഫാർമസിസ്റ്റ് - 75<br>നേഴ്സ് - 28<br>അറ്റൻഡർ - 79<br>ഡിസ്പെൻസർ - 2<br>നേഴ്സിംഗ് അസിസ്റ്റന്റ് - 15<br>ലാബ് അറ്റൻഡർ - 7 |

| | | | |
|---|---|---|---|
| | | | സ്വീപ്പർ കം പ്യൂൺ - 34<br>പ്യൂൺ - 9<br>ക്ലീനർ - 13<br>നൈറ്റ് വാച്ചർ - 2<br>കുക്ക് - 1<br>പാർട്ട് ടൈം സ്വീപ്പർ - 4<br>സാനിട്ടേഷൻ വർക്കർ - 3<br>വാച്ചർ കം പ്യൂൺ - 2<br>ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഒഴിവുകളിൽ ദിവസവേതനക്കാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ